# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 3505 — 12/05/2017 -ൽ മറുപടിയ്ക്ക്.

### സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കവർപാൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.കെ രാജു (വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കവർ പാൽ ബ്രാൻഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന നടപടികൾ ഫലപ്രദമായി നടപ്പിലാക്കുവാൻ ഭക്ഷ്യസുരക്ഷാവകുപ്പും ക്ഷീരവികസന വകുപ്പും തമ്മിലുള്ള ഏകോപനമില്ലായ്മമൂലം കഴിയുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം പാൽ സാമ്പിളുകൾ പരിശോധിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ഭക്ഷ്യ സുരക്ഷാ വകുപ്പിനാണ്. നിലവിൽ ഓണക്കാലത്ത് അതിർത്തി ചെക്ക് പോസ്റ്റുകളിൽ നടക്കുന്ന പരിശോധനകളിൽ ഭക്ഷ്യസുരക്ഷാവകുപ്പും ക്ഷീരവികസന വകുപ്പും സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നത്. |
| (ബി) | എങ്കിൽ ഇരു വകുപ്പുകളും സംയുക്തമായി ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ? | (ബി) ക്ഷീരവികസന വകുപ്പ് പരിശോധിച്ച് ഗുണനിലവാരം പുലർത്താത്ത സാമ്പിളുകളുടെ വിശദാംശങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറുമ്പോൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഉദ്യോഗസ്ഥർ പ്രസ്തുത പാലിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ് രീതി. |

സെക്ഷൻ ഓഫീസർ.